## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1258

10 .08.2017-ൽ
മറുപടിയ്ക്ക്

## കർഷകൻ ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട്

ചോദ്യം
ശ്രീ. ഷാഫി പറമ്പിൽ

മറുപടി
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ചെമ്പനോട് വില്ലേജോഫീസിൽ കർഷകൻ ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തിയ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റിപ്പോർട്ടിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ചെമ്പനോട് വില്ലേജ് ഓഫീസറായ ശ്രീ. സണ്ണി പി. എ., കൊയിലാണ്ടി താലൂക്ക് തഹസിൽദാർ ശ്രീമതി. റംല എന്നിവരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, മുൻ വില്ലേജ് അസിസ്റ്റന്റായിരുന്ന ശ്രീ. സിലീഷ് തോമസിന് സംഭവവുമായി നേരിട്ട് ബന്ധമുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലയെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) മുൻ വില്ലേജ് അസിസ്റ്റന്റായ ശ്രീ. സിലീഷ് തോമസ്, നിലവിൽ ചെമ്പനോട് വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. സണ്ണി പി. എ. എന്നിവരെ കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് തഹസിൽദാരായ ശ്രീമതി. എൻ. റംലയ്ക്ക് എതിരെ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

RG